प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ജനുവരി 31, 2019

**ഊർജ്ജിത തിരുത്തൽ പദ്ധതിയുടെ രൂപഘടന**
**(Prompt Corrective Action Framework)**

ഊർജ്ജിത തിരുത്തൽ പദ്ധതിയുടെ രൂപഘടനയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ള പൊതുമേഖലാബാങ്കുകളുടെ (പി.എസ്.ബി.കൾ) പ്രവർത്തനം അവലോകനം ചെയ്തതിൽ ചില ബാങ്കുകളുടെ 2018 ഡിസംബറിൽ അവസാനിച്ച ത്രൈമാസിക ത്തിലെ, പ്രസിദ്ധപ്പെടുത്തിയ പ്രവർത്തനഫലങ്ങളനുസരിച്ച്. അവ ആസ്തികളിൽ നിന്നുള്ള ആദായം ഒഴിച്ച് (Returns on assets), പി.സി.എ (P.C.A) മാനദണ്ഡങ്ങൾ ലംഘിക്കുന്നില്ല എന്നു കാണുന്നു. എന്നാൽ ആർ ഒ എ (R.O.A) പ്രതികൂലമായി തുടരുമ്പോഴും അത് മൂലധനപര്യാപ്തതാസൂചനയിൽ പ്രതിഫലിക്കുന്നുണ്ട്. ഈ ബാങ്കുകൾ, ഏറ്റവും കുറഞ്ഞ നിയന്ത്രിത മൂലധനം (Minimum Regulatory capital), അറ്റ എൻ.പി.എ (Net NPA) യും ലിവറേജ് അനുപാതവും എന്നിവയെ സംബന്ധിച്ച വ്യവസ്ഥകൾ, തുടർച്ചയായനിലയിൽ പാലിക്കാമെന്ന് രേഖാമുലമായ ഒരു ഉറപ്പ് തന്നിട്ടുണ്ട്. ഈ ഉറപ്പുകൾ തുടരെ പാലിക്കാൻ സഹായമാംവിധം അവർ വരുത്തിയിട്ടുള്ള ഘടനാപരവും, വ്യവസ്ഥാനുസാരവുമായ മെച്ചപ്പെടുത്തലുകൾ എന്താണെന്നു റിസർവ് ബാങ്കിനെ ധരിപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ ബാങ്കുളുടെ മൂലധനാവശ്യങ്ങൾ ഉചിതമായ രീതിയിൽ, നിലവിലെ സാമ്പത്തിക വർഷത്തിൽ ഓരോ ബാങ്കിനും വിഭജിച്ചുകൊടുക്കുന്ന അവസരത്തിൽ, നൽകുമെന്ന് ഗവർൺമെൻറും ഉറപ്പു നൽകിയിട്ടുണ്ട്.

മുകളിൽ പറഞ്ഞകാര്യങ്ങൾ കണക്കിലെടുത്തു കൊണ്ട്, മൂലധന സംരക്ഷണ ശേഖരം (Capital conservation Buffer –CCB) സംബന്ധമായ നിയന്ത്രണ നിർദ്ദേശങ്ങൾ പാലിക്കുന്നതും 6%ത്തിനുതാഴെ അറ്റ എൻപിഎ (മൂന്നാം ത്രൈമാസിക ഫലങ്ങൾ പ്രകാരം) ഉള്ളതുമായ ബാങ്ക് ഓഫ് ഇൻഡ്യ, ബാങ്ക് ഓഫ് മഹാരാഷ്ട്രാ എന്നീ ബാങ്കുകളെ പിസിഎ രൂപഘടനയിൽ നിന്നും, ചില വ്യവസ്ഥകൾക്കും, തുടർച്ചയായ നിരീക്ഷണത്തിനും വിധേയമായി, ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഓറിയൻറ് ബാങ്ക് ഓഫ് കോമ്മേഴ്സിൻറെ കാര്യത്തിൽ, മൂന്നാം ത്രൈമാസികത്തിലെ പ്രസിദ്ധപ്പെടുത്തിയ ഫലങ്ങളനുസരിച്ച്, അറ്റ എൻപിഎ 7.15% ആണെങ്കിലും ഗവൺമെൻറ് വേണ്ടത്ര മൂലധനം ബാങ്കിനു സൽകിയതിനാൽ, ബാങ്ക് അറ്റ എൻപിഎ 6% ത്തിൽ താഴെ

കൊണ്ടുവന്നു. ആയതിനാൽ, ചില വ്യവസ്ഥകൾക്കും കർശനമായ നിരീക്ഷണ ങ്ങൾക്കും വിധേയമായി ഓറിയൻറ് ബാങ്ക് ഓഫ് കോമ്മേഴ്സിനേയും പിസിഎ രൂപഘടനയിൽ നിന്നും ഒഴിവാക്കാൻ തീരമാനിച്ചിട്ടുണ്ട്.

വിവിധമാനദണ്ഡങ്ങൾക്ക് കീഴിൽ, ഈ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ആർ.ബി.ഐ. തുടർച്ചയായി നിരീക്ഷിച്ചു കൊണ്ടിരിക്കും

ജോസ് ജെ കാട്ടൂർ
ചീഫ് ജനറൽ മാനേജർ

**പ്രസ്സ് റിലീസ് 2018-2019/1807**